# കേരള സർവകലാശാല

നം.പി.ആർ.178/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി പ്രവേശനം 2016-17 : മൂന്നാം അലോട്ട്മെന്റ്

കേരള സർവകലാശാല 2016-2017 അദ്ധ്യയന വർഷത്തെ പി. ജി. പ്രവേശനത്തിനുള്ള മൂന്നാം അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പരും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ടിയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 720 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 110 രൂപയും ആണ്. ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച ശേഷം അഡ്മിഷൻ ഫീസ് അടച്ചവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

അഡ്മിഷൻ ഫീസ് അടച്ച അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2016 സെപ്റ്റംബർ 27 മുതൽ 30 വരെയുള്ള തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ***അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.*** രണ്ടാം അലോട്ട്മെന്റിനുശേഷം കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് മൂന്നാം അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും റ്റി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ സെപ്റ്റംബർ 30 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ആറാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) (കോമൺ/ അഡീഷണൽ/ മേഴ്സി ചാൻസ് - 2011-12-ന് മുമ്പുള്ള അഡ്മിഷനുകൾ) പരീക്ഷ ഒക്ടോബർ 17-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ഡെമോഗ്രഫി വൈവ

കേരള സർവകലാശാല കാര്യവട്ടം ഡെമോഗ്രഫി പഠനവകുപ്പ് നാലാം സെമസ്റ്റർ എം.എസ്സി ഡെമോഗ്രഫി വൈവ സെപ്റ്റംബർ 29 രാവിലെ 10 മണിക്ക് പഠനവകുപ്പിൽ നടത്തും.

## യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ (ഈവനിംഗ് ബാച്ച്) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീ 6000/- രൂപ. ക്ലാസുകൾ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണിവരെ. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ ആറ്. ഫോൺ. 0471-2302523.

## അഡോളസന്റ് ആൻഡ് പ്രീ മാരിറ്റൽ കൗൺസിലിംഗ് : സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ അഡോളസന്റ് ആൻഡ് പ്രീ മാരിറ്റൽ കൗൺസിലിംഗ് കോഴ്സിന്റെ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ബിരുദം. ഫീസ് 7500/- രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ ആറ്. ഫോൺ. 0471-2302523.

## ബി.ടെക് മേഴ്സി ചാൻസ്

കേരള സർവകലാശാല മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ടെക് (2008 സ്കീം, 2005 വരെയുള്ള അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് പരീക്ഷയെഴുതാൻ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കാം. പ്രസ്തുത പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ മൂന്ന് (50 രൂപ പിഴയോടെ ഒക്ടോബർ അഞ്ച്, 250 രൂപ പിഴയോടെ ഒക്ടോബർ ആറ്) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി. പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 27-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.എ/ബി.കോം/ബി.ബി.എ - എൽ.എൽ.ബി പരീക്ഷകൾക്ക് ഓൺലൈനായി സെപ്റ്റംബർ 27 മുതൽ രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ ഏഴ് (50 രൂപ പിഴയോടെ ഒക്ടോബർ 13, 250 രൂപ പിഴയോടെ ഒക്ടോബർ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ/നവംബറിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ ബി.ടെക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി - പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് (2013 സ്കീം)) പരീക്ഷകൾക്ക് പിഴകൂടാതെ ഒക്ടോബർ നാല് (50 രൂപ പിഴയോടെ ഒക്ടോബർ ഏഴ്, 250 രൂപ പിഴയോടെ ഒക്ടോബർ 14) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് പരീക്ഷ

കേരള സർവകലാശാല നവംബർ ഒമ്പതിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (2014 സ്കീം - നോൺ സി.എസ്.എസ് - ഒരുവർഷ പ്രോഗ്രാം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ മൂന്ന് (50 രൂപ പിഴയോടെ ഒക്ടോബർ അഞ്ച്, 250 രൂപ പിഴയോടെ ഒക്ടോബർ ഏഴ്) വരെ ഫീസ് അടയ്ക്കാം.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഒക്ടോബർ 24-ന് തുടങ്ങുന്ന ഒന്നാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ (ആന്വൽ സ്കീം - സപ്ലിമെന്ററി (പുതിയ സ്കീം & പഴയ സ്കീം)) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
27.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**